**കൊക്കകോളയുടെ ആസ്തികൾ പിടിച്ചെടുത്ത് അറസ്റ്റുവരിച്ച് ജാമ്യം നിഷേധിച്ച് ജയിലിൽ പോയ സമരാനുഭവങ്ങൾ പങ്കുവയ്ക്കുന്നു**

**എൻ.പി. ജോൺസൺ**

# തടവറകളും ജനാധികാരവും

**ഇക്കഴിഞ്ഞ** ഡിസംബർ 17 ന് പ്ലാച്ചിമടയിലെ കൊക്കകോളയുടെ ആസ്തികൾ പിടിച്ചെടുത്തുകൊണ്ടുള്ള സമരത്തിൽ പങ്കെടുത്ത് സ്വമേധയാ ജയിൽ വാസം തിരഞ്ഞെടുത്തത് 22 പേരായിരുന്നു. ശക്തിവേൽ, മുത്തുച്ചാമി, പളനി, ഫാ. അഗസ്റ്റിൻ വട്ടോലി, കെ. സഹദേവൻ, ഫാ. ആന്റണി, കെ. വി. ബിജു, എൻ. പി. ജോൺസൺ എന്നിവർ ഫാക്ടറി മതിൽ ചാടിക്കടന്ന് കോള ഫാക്ടറി ആസ്തികൾക്കു മേൽ ജനാധികാരം പ്രഖ്യാപിച്ചു. വിളയോടി വേണുഗോപാൽ, കന്നിയമ്മ, മുത്തുലക്ഷമിയമ്മ, പാപ്പമ്മാൾ, വി.സി. ജെന്നി, ടി. കെ. വാസു, സുബ്രഹ്മണ്യൻ പയ്യന്നൂർ, പി. എ. അശോകൻ, എം. എൻ. ഗിരി, വിജയൻ അമ്പലക്കാടൻ, ശ്രീനിവാസൻ പുതുശ്ശേരി, അഗസ്റ്റിൻ, കെ.എസ്. സുബിദ്, സുദേവൻ എന്നിവർ കമ്പനി ഗേറ്റിനു മുമ്പിൽ നിന്നും അറസ്റ്റ് വരിച്ചു. മുന്നൂറോളം വരുന്ന സമരക്കാരെ നിരുപാധികം വിട്ടയക്കുന്നു എന്ന് പോലീസ് പ്രഖ്യാപനം തിരസ്കരിച്ചുകൊണ്ടാണ് 22 പേർ അറസ്റ്റ് വരിച്ചത്. പിന്നീട് കേസെടുത്ത് സ്വന്തം ജാമ്യത്തിൽ വിട്ടയയ്ക്കാമെന്ന വാഗ്ദാനവും സമരക്കാർ തിരസ്കരിച്ചു. ഗത്യന്തരമില്ലാതെയാണ് പോലീസ് 22 പേരെയും കോടതിയിൽ ഹാജരാക്കിയത്. മജിസ്ട്രേറ്റും പരമാവധി ശ്രമം നടത്തി തടവ് ഒഴിവാക്കുവാൻ ശ്രമിച്ചു. നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ രാഷ്ട്രപതിയെക്കൊണ്ട് ഒപ്പുവയ്പ്പിക്കുവാൻ തങ്ങൾ ഏതറ്റം വരെയും പോകാൻ തയ്യാറാണെന്ന് സമരപ്രവർത്തകർ നിസ്സംശയം പ്രഖ്യാപിച്ചു. കാരാഗൃഹ വാതിലുകൾ സമരക്കാർക്കു മുമ്പിൽ പതിയെ തുറന്ന് വന്നു.

### എങ്ങുമെത്താതെ പോവുന്ന സമരങ്ങൾ

പ്ലാച്ചിമടസമരം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടവരും മാമ്പഴച്ചാർ ഫാക്ടറി തുടങ്ങാൻ കോളയെ അനുവദിക്കാമെന്ന് പറഞ്ഞവരും സമരമുന്നണിയിൽ തിരിച്ചെത്തുന്നതിന് ഭൂമി പിടിച്ചെടുക്കൽ സമരം സാക്ഷ്യം വഹിച്ചു. കൊക്കകോളയുടെ മൂലധന ലക്ഷ്യങ്ങൾക്കെതിരെ വ്യക്തമായ രാഷ്ട്രീയ നിലപാടെടുക്കാൻ ഇനിയും മടി കാണിക്കുന്നവരും അക്കൂട്ടത്തിലുണ്ടായിരുന്നു. ഒരു ഘട്ടത്തിൽ സമരനേതൃത്വം സ്വയം ഏറ്റെടുത്ത് മാധ്യമശ്രദ്ധയും പ്രചാരവും നേടി പിന്നീട് ചതിയിൽപെടുത്തി സമരത്തെ ചാപിള്ളയാക്കാൻ ശ്രമിച്ചവരുമുണ്ട്. സമരലക്ഷ്യങ്ങൾ പൂർണ്ണമായും നേടിയെടുക്കുന്നതുവരെ – കോളക്കമ്പനിയെ നിയമവിചാരണ ചെയ്ത് ശി

ക്ഷിക്കുകയും നഷ്ടപരിഹാരം ഈടാക്കുകയും പരിസ്ഥിതിനാശം പരിഹരിക്കുകയും ജനകീയ ജനാധികാരത്തിനായി സ്പഷ്ടമായ നിയമനിർമ്മാണം സാധ്യമാക്കുകയും ചെയ്യുന്നതുവരെ – സമരം തുടരുമെന്ന സമരസമിതിയുടെയും ഐക്യ ദാർഢ്യസമിതിയുടെയും നിലപാടിനുള്ള അംഗീകാരമായിരുന്നു കേരള സർക്കാർ നിയമിച്ച ഉന്നതാധികാര സമിതിയുടെ നിർദ്ദേശങ്ങൾ. കേരള നിയമസഭയുടെ തീരുമാനത്തെപ്പോലും വെല്ലുവിളിക്കുവാൻ തങ്ങൾക്കാവും എന്ന് തെളിയിച്ചുകൊണ്ടാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം മുഖേന ബിൽ അട്ടിമറിക്കുന്നതിനുള്ള നീക്കങ്ങൾ കൊക്കകോള നടത്തുന്നത്. ഇനിയങ്ങോട്ട് സമരത്തിന്റെ തുടർ ഘട്ടങ്ങളിൽ കൂടുതൽ പേർ അണിനിരക്കുമെന്ന് വ്യക്തമായിക്കഴിഞ്ഞു. പിടിച്ചെടുത്ത ആസ്തികൾ ഉപയോഗിച്ച് ബദൽ തൊഴിൽ / ഉൽപാദന സംരം ങ്ങൾക്ക് തുടക്കം കുറിക്കുമ്പോൾ ഭരണകൂടം നേരിടാൻ എത്തുമെന്നുറപ്പ്. പ്ലാച്ചിമട സമരം സംഘർഷത്തിന്റെ നാളുകളിലേയ്ക്ക് പ്രവേശിച്ചു കഴിഞ്ഞു.

## ജയിൽ അനുഭവങ്ങൾ

കന്നിയമ്മ, മുത്തുലക്ഷ്മിയമ്മ, പാപ്പമ്മാൾ, ജെന്നി എന്നിവരെ പാലക്കാട്ടെ സ്ത്രീ തടവുകാർക്കുള്ള പ്രത്യേക ജയിലിലേയ്ക്കാണ് അയച്ചത്. താരതമ്യേന സൗകര്യങ്ങൾ കുറഞ്ഞ ഈ ജയിലിൽ വിചാരണ തടവുകാരെകൊണ്ട് അടിമ വേലചെയ്യിക്കുന്നതിന് ചില ശ്രമങ്ങൾ നടന്നതായും പിന്നീട് അറിഞ്ഞു. 18 പേരെ ചിറ്റൂർ പോലീസ് സ്റ്റേഷന് തൊട്ടടുത്തുള്ള ജയിലിലേയ്ക്കാണ് അയച്ചത്. ഇവരിലൊരാൾ – അഗസ്റ്റിൻ സുഖമില്ലാതെ വന്നതുകൊണ്ട് മൂന്നാം ദിവസ്സം ജാമ്യത്തിലിറങ്ങി. പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ യാഥാർത്ഥ്യമാക്കുവാൻ ഇപ്പോഴത്തെ സർക്കാരും താൽപര്യമെടുക്കുമെന്ന ഉറപ്പ് ലഭിക്കുന്നില്ലെങ്കിൽ അനിശ്ചിത കാല നിരാഹാരം ആരംഭിക്കുമെന്ന തീരുമാനം അറിയിച്ചപ്പോൾ തന്നെ 17 പേരെയും വിയ്യൂർ സെൻട്രൽ ജയിലിലേയ്ക്ക് മാറ്റി.

ജയിൽ ചട്ടങ്ങൾ നിരുപാധികം അനുസരിക്കുക എന്നത് ഭരണഘടനാപരമായ ബാധ്യതയാണെന്ന് കരുതുന്ന ചിലരെങ്കിലും ഈ 17 പേരുടെ കൂട്ടത്തിലുണ്ടായിരുന്നു. മറിച്ച്, കോടതി, ജയിൽ, പോലീസ് തുടങ്ങിയ സംവിധാനങ്ങളിലെ മനുഷ്യവിരുദ്ധതയും നീതിനിഷേധവും അംഗീകരിക്കാൻ ബാധ്യതയില്ലെന്ന നിലപാടുള്ളവരായിരുന്നു ഭൂരിപക്ഷവും. മൂലധനത്തിന്റെ സംരക്ഷകരായി പ്രവർത്തിക്കുന്നതിന് ജനവിരുദ്ധമായ ഒരു പവിത്രത സ്വയം ഘോഷിക്കുന്ന ഈ സ്ഥാപനങ്ങളെ തങ്ങൾ അല്പം പോലും ഗൗനിക്കുന്നില്ലെന്ന നിലപാടെടുത്തുകൊണ്ടാണ് പ്ലാച്ചിമട സമര പ്രവർത്തകർ ജയിൽ വാസം തിരഞ്ഞെടുത്തത്. പ്രസ്തുത സംവിധാനത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ ശത്രുക്കളായി കാണരുതെന്നും മനുഷ്യർ എന്ന തുല്യതയോടെ ഇടപെടണമെന്നും ഒരു പൊതുകാഴ്ചപ്പാട് ഉണ്ടായിരുന്നു.



ജയിൽ മോചിതരായ പ്ലാച്ചിമട സമരപ്രവർത്തകർക്ക് വിയ്യൂർ സെൻട്രൽ ജയിലിന് മുന്നിൽ

**ജയിൽ ചട്ടങ്ങൾ നിരുപാധികം അനുസരിക്കുക എന്നത് ഭരണഘടനാപരമായ ബാധ്യതയാണെന്ന് കരുതുന്ന ചിലരെങ്കിലും ഈ 17 പേരുടെ കൂട്ടത്തിലുണ്ടായിരുന്നു. മറിച്ച്, കോടതി, ജയിൽ, പോലീസ് തുടങ്ങിയ സംവിധാനങ്ങളിലെ മനുഷ്യവിരുദ്ധതയും നീതിനിഷേധവും അംഗീകരിക്കാൻ ബാധ്യതയില്ലെന്ന നിലപാടുള്ളവരായിരുന്നു ഭൂരിപക്ഷവും**

ഈ തുല്യത ഉൾകൊള്ളാൻ ചില ഉദ്യോഗസ്ഥന്മാർക്കെങ്കിലും വൈമുഖ്യം ഉണ്ടായിരുന്നു. പക്ഷെ, ഭൂരിപക്ഷം പേരും പ്ലാച്ചിമട സമരക്കാർ എന്ന നിലയിൽ പ്രത്യേകം സൗഹൃദവും സഹാനുഭൂതിയും പ്രകടിപ്പിച്ചു. നിഷ്ഠൂരമായ കൊലപാതകങ്ങൾ നടത്തിയതിന് ജീവപര്യന്തം ശിക്ഷിക്കപ്പെട്ട ജയിൽ പുള്ളികൾ പോലും പ്ലാച്ചിമടയുടെ ദൗത്യത്തോട് സ്നേഹപൂർവ്വം പ്രതികരിച്ചു.

ഞങ്ങൾ അധികാരത്തെ കാര്യമാക്കുന്നില്ലെന്നും മനുഷ്യത്വത്തെ മാത്രമേ മാനിക്കാൻ കൂട്ടാക്കുകയുള്ളൂ എന്നും ഏവർക്കും വേഗത്തിൽ ബോധ്യമായി. ഇത് മനസ്സിലാക്കാൻ കഴിയാതെ പോയ ചിറ്റൂർ ജയിലിലെ ഒരു പോലീസുകാരനെ ഞങ്ങൾ സംഘടിതമായി ധിക്കരിക്കുകയും ചോദ്യം ചെയ്യുകയും ചെയ്തു. പ്രാദേശിക പോലീസുകാർ ഞങ്ങളെ പിന്തുണച്ചു. വിചാരണ തടവുകാരെ കൈകാര്യം ചെയ്യുന്ന പതിവു രീതികളിൽ ഞങ്ങളോട് ഇടപഴകുന്നതിൽ ശരിയാവില്ലെന്ന് മറ്റു ചില പോലീസുകാരേയും ബോധ്യപ്പെടുത്തേണ്ടി വന്നു. പുറത്തെ സുഹൃത്തുക്കളുടെ ഇടപെടലുകളും രാഷ്ട്രീയ നേതാക്കളുടെയും സാമൂഹ്യ പ്രവർത്തകരുടെയും ജയിൽ സന്ദർശനങ്ങളും ജയിൽപുള്ളികൾ എന്ന ഞങ്ങളുടെ പൊതുനിലവാരത്തിൽ ചില മാറ്റങ്ങൾ വരുത്തി.

## വിരസമായ ഒരിടം

ഏതാനും കുറച്ചു ദിവസത്തേയ്ക്ക് മാത്രമാണെങ്കിൽ കൗതുകങ്ങൾ പല

തുമുണ്ടിവിടെ. ചിറ്റൂരിലെ ജയിലറയുടെ അഴികൾക്കിടയിലൂടെ രാത്രി പുറത്തേയ്ക്ക് നോക്കുമ്പോൾ ആകാശത്തിന്റെ ഒരു ചെറുതുണ്ടുമാത്രം കാണാം. രാത്രി മുഴുവൻ കത്തി നിൽക്കുന്ന ഒരു ഹാലോജൻ ബൾബ് അതിനേയും ഒരു സ്വച്ഛന്ദ ദൃശ്യമല്ലാതാക്കി മാറ്റും. സെൻട്രൽ ജയിലിനുള്ളിലെ വൃത്താകാരമായ മതിൽകെട്ടിനുള്ളിലെ പ്രത്യേകയിടം തികച്ചും വ്യത്യസ്തമായിരുന്നു. പുറത്ത് കൃഷിയുടെ പുതിയ സീസണിൽ തലനീട്ടാൻ തുടങ്ങിയ പച്ചക്കറി വിളകളുടെ ചെറുനാമ്പുകൾ മാത്രം. വർത്തുളാകാരമായ ഉയരം കുറഞ്ഞ ചെറിയ മുറികൾക്ക് ഓട് മേഞ്ഞ ഒരു മേൽകൂരകൂടിയുണ്ട്. ഒരു മുറിയിൽ കഷ്ടിച്ച് നാല് പേർക്ക് മാത്രം കിടക്കാനാകും. മുറിയുടെ മൂലയിൽ മൂന്ന് അടി സമചതുരത്തിൽ മുട്ടോളം ഉയരമുള്ള കക്കൂസ് വൃത്തിയായി ടൈൽ വിരിച്ചിട്ടുണ്ട്. പുൽപായക്ക് മീതെ തടവുകാർ തന്നെ നെയ്തെടുക്കുന്ന ഭംഗിയുള്ള കോസഡി വിരിച്ചാണ് ഉറക്കം. വൈകിട്ട് 5 മണിയ്ക്ക് തടവുകാരുടെ തലയെണ്ണി മുറി പൂട്ടണമെന്നാണ് നിയമം. രാവിലെ 6 മണിയ്ക്ക് വീണ്ടും തലയെണ്ണൽ - സ്വാതന്ത്ര്യം! ഞങ്ങൾ മതിൽ ചാടുകയില്ലെന്ന് ഉറപ്പുള്ളതിനാൽ വൈകിട്ട് 5 - 6 മണി വരെ പുറത്തെ വരാന്തയിൽ ചർച്ചയും സംവാദങ്ങളും. വൈകിട്ട് 5 മണിക്ക് പാറാവ് നിൽക്കാൻ എത്തുന്ന പുതിയ സംഘം പോലീസികാർ വരുമ്പോൾ സംവാദങ്ങളെല്ലാം പൊടുന്നനെ അവസാനിക്കും.

കുടുസ്സുമുറിയിൽ രാത്രി വെളിച്ചം അനുവദനീയമല്ല. അഴികൾക്കരികിൽ സ്ഥാനം പിടിച്ച് ചിലർ വായന മുഴുമിക്കാൻ ശ്രമിക്കും ഭക്ഷണം വൈകിട്ട് തന്നെ കഴിക്കുകയോ മുറിക്കകത്ത് സൂക്ഷിച്ച് രാത്രി കഴിക്കുകയോ ആവാം. പക്ഷെ രണ്ടാം ദിവസം മുതൽ നിരാഹാരം ആരംഭിച്ചതിനാൽ പ്രശസ്തമായ വിയ്യൂർ ചപ്പാത്തിയും മീൻകറിയും ഒക്കെ ഒരു ദിവസം മാത്രമായി ചുരുങ്ങി.

രാത്രി ഉറക്കമില്ലാതെ തിരിഞ്ഞും മറിഞ്ഞും കിടക്കുമ്പോൾ ജയിലഴികൾക്കുള്ളിലൂടെ ഭാവം മാറി വരുന്ന രാത്രി ദൃശ്യങ്ങൾ കാണാം. ദൂരെ ഉയർന്നു നിൽക്കുന്ന മരത്തലപ്പുകൾക്കിടയിലൂടെ മാറികൊണ്ടേയിരിക്കുന്ന ആകാശകാഴ്ചകൾ നേരെ നോക്കുമ്പോൾ കാണുന്ന പുറം കാഴ്ച കാവൽ ഗോപുരത്തിലെ പോലീസുകാരന്റേതാണ്. ജയിൽ പുള്ളികളുടേതിനേക്കാൾ സംഘർഷഭരിതമായിരിക്കണം ഉന്നതങ്ങളിലെ ഈ ഏകാന്ത വിരസത! എഞ്ചിനീയർ കൂടിയായ സുബിദിന് ജയിലിലെ ശ്വാസംമുട്ടുന്ന മുറികളും തടവറകളുടെ മനുഷ്യ വിരുദ്ധമായ രൂപകൽപനകളും ഉൾക്കൊള്ളാനായില്ല. ജയിൽ ആശുപത്രിയിലേയ്ക്ക് താമസം മാറ്റിയ സുബിദ് പുതിയ ജയിൽ ഡിസൈനുകൾ വരച്ചു; കുട്ടികളുടെ പഠനം മെച്ചപ്പെടുത്താനുതകുന്ന ലഘുകളിപ്പാട്ടങ്ങൾ നിർമ്മിച്ച് തടവുകാർക്കും ജയിലർമാർക്കും സമ്മാനിച്ചു.

രാത്രി അഗസ്റ്റിൻ വട്ടോലിയും ശ്രീനിവാസനും പണിപ്പെട്ട് ഉറക്കത്തിലേയ്ക്ക് നീങ്ങുമ്പോൾ ഉണർന്നിരുന്ന് ആകാശകാഴ്ചകൾ കാണാൻ ശ്രമിക്കും ഉറക്കം വന്ന് കൺപോളകൾ കീഴ്പ്പെടുത്തുന്നതുവരെ. തടവറകളും മതിൽകെട്ടുകളും ഇല്ലാതിരുന്ന കാലത്തെക്കുറിച്ച്, മനുഷ്യബന്ധങ്ങളും സാമൂഹികതയും ഇത്രമേൽ സങ്കീർണ്ണമല്ലാതിരുന്ന, വേർതിരിവുകളും അധികാരഭേദങ്ങളും ഇല്ലാതിരുന്ന കാലത്തെ കുറിച്ച് ഓർത്ത് കിടക്കും. പ്ലാച്ചിമടയിലെ മനുഷ്യർക്ക് സ്വന്തംജീവിതം നിർണ്ണയിക്കുന്നതിന് അധികാരം വകവച്ചു കൊടുക്കപ്പെടുന്ന ദിവസങ്ങളെക്കുറിച്ച് ഭാവന ചെയ്യാൻ ശ്രമിക്കും.

ഡിസംബർ മാസത്തെ തണുത്ത കാറ്റ് ജയിലഴികൾക്കിടയിലൂടെ സൗഹൃദം പറയാനെത്തുന്നത് രാത്രിയുടെ വിരസതയ്ക്ക് അൽപം ആശ്വാസം അണച്ചു. പകൽ പുറത്തെ മതിൽകെട്ടിനുള്ളിൽ നിന്ന് ദിഗംബര സ്നാനം നടത്തുമ്പോഴും കാറ്റ് ചൂളം കുത്തി തണുത്ത അഭിവാദ്യങ്ങൾ അർപ്പിച്ചു. വെയിൽ മൂക്കും മുമ്പുള്ള ഈ പകൽ കുളിയുടെ ആനന്ദം മാത്രമാണ് ജയിലിലേയ്ക്ക് വീണ്ടും പോകുന്നെങ്കിൽ അതിനുള്ള ന്യായീകരണം.

വർഗ്ഗീയവും രാഷ്ട്രീയവുമായ സംഘർഷങ്ങളിൽ നിഷ്ഠൂരമായ കൊലപാതകങ്ങൾ നടത്തിയ പലരെയും ജയിലിനുള്ളിൽ കണ്ടുമുട്ടി. ജീവിതം വൃഥാ ഹോമിക്കപ്പെട്ടവർ - സമുദായ പ്രമാണിമാരുടേയും നേതാക്കളുടേയും താൽപര്യങ്ങൾക്കുവേണ്ടി മാത്രം പ്രത്യയശാസ്ത്രം കണ്ണുംപൂട്ടി വിഴുങ്ങിയവർ; ജയിൽ ചിട്ടകൾക്കു വിധേയരായി മര്യാദ പഠിച്ചു തീരാൻ ജീവിതം ബാക്കി ഇല്ലാതായിപോയവർ. വീണ്ടും വീണ്ടും കുറ്റവാളികളെ സൃഷ്ടിക്കുന്ന ജയിൽ കെട്ടിടങ്ങളുടെ മൗഢ്യം, ജയിൽ നിയമങ്ങളുടെ കാവൽക്കാരായി സ്വയം തടവറയിൽ അകപ്പെട്ട കാക്കി ഉടുപ്പുകാരുടെ ദുർവിധി! ജയിലിൽ നിന്നും പോരുമ്പോൾ ഒരു ജോഡി കൈത്തറി വസ്ത്രം ചോദിച്ച് വാങ്ങണമെന്നുണ്ടായിരുന്നു. നീണ്ട തടവുകാലം ഇല്ലാത്ത വിചാരണത്തടവുകാർക്ക് ജയിൽ വസ്ത്രം നൽകാനാവില്ലെന്ന് മറുപടികിട്ടി.

## മന്ത്രിയുടെ ഉറപ്പ്

കൊക്കകൊളയുടെ സമ്മർദ്ദം കൊണ്ടാകാം, നിരാഹാരത്തിന്റെ രണ്ടാം നാൾ വി.എം. സുധീരന്റെ ഇടപെടൽ പ്രകാരമുള്ള ഉറപ്പ് നൽകാൻ ജലവിഭവവകുപ്പു മന്ത്രി തയ്യാറാകാതിരുന്നത്. സമരം കൂടുതൽ ശക്തിപ്പെടുമെന്നുറപ്പായപ്പോൾ പിന്നീട് ബിൽ നടപ്പാക്കാൻ പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി പത്രക്കുറിപ്പ് ഇറക്കി. ചുരുങ്ങിയ പക്ഷം രാഷ്ട്രപതി ബിൽ മടക്കിയാലും വീണ്ടും അയച്ചുകൊടുത്ത് നിയമമാക്കിമാറ്റാൻ മന്ത്രിസഭ ബാധ്യസ്ഥമാകുമെന്നർത്ഥം. ഈ ഉറപ്പും ലംഘിക്കുന്നതിനുള്ള തൊടുന്യായങ്ങൾ കണ്ടെത്താൻ ശ്രമിച്ചാൽ സർക്കാർ ഗുരുതരമായ പ്രത്യാഘാതങ്ങൾ നേരിടേണ്ടിവരും. ബഹുരാഷ്ട്ര കുത്തകളുടെ ചൂഷണത്തിനും അതിക്രമങ്ങൾക്കും വിധേയരാകുന്നവരുടെ ചെറുത്തുനിൽപ്പിന്റെ ശക്തി സർക്കാരുകൾക്കും കൊക്കകോളയ്ക്കുമെല്ലാം ബോധ്യപ്പെടുന്ന ദിവസം ഏറെ വിദൂരമാവില്ല.

*With best compliments from*

**CENTRE FOR POST GRADUATE STUDIES**

P.G. Centre

**North Bus Stand, Thrissur-20.**

Ph : 2338983, 6950675

e-mail : pgcentre.tsr@gmail.com